(സി) ഇവിടെ ഏകദേശം 100 പേർ ഒ.പി.യിൽ ചികിത്സക്കായി വരുന്നുണ്ട്. ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി എടുത്തിട്ടുണ്ട്. ആവശ്യകത അനുസരിച്ച് മരുന്നുകൾ നൽകുന്നുണ്ട്. ലബോറട്ടറി തുടങ്ങുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കൊപ്പം പ്രൈമറി ഹെൽത്ത് സെന്ററിലെ ജലക്ഷാമം

168 (3122) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കൊപ്പം പ്രൈമറി ഹെൽത്ത് സെന്ററിൽ ജലക്ഷാമംമൂലം രോഗികളെ ഡിസ്ചാർജ് ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററിലെ ജലക്ഷാമം പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

സർക്കാരിന്റെ ഉടമസ്ഥതയിൽ ഹോമിയോ ഔഷധ നിർമ്മാണശാലകൾ

169 (3123) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എത്ര ഹോമിയോ ഔഷധ നിർമ്മാണശാലകൾ ഉണ്ട് ; അവ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) ആലപ്പുഴ ഹോമിയോ ഔഷധ നിർമ്മാണശാലയെ കോർപ്പറേഷനാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത കോർപ്പറേഷന്റെ രൂപീകരണം എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്നറിയിക്കാമോ ;

(ഡി) സംസ്ഥാനത്ത് ഹോമിയോപ്പതിയുടെ വികസനം ലക്ഷ്യമാക്കി കൂടുതൽ ഗവേഷണകേന്ദ്രങ്ങളും മരുന്നു നിർമ്മാണശാലകളും വികസിത രാജ്യങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഒരെണ്ണം. പ്രസ്തുത സ്ഥാപനം ആലപ്പുഴയിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly